# കേരള ഡെന്റൽ കൗൺസിൽ

www.dentalcouncil.kerala.gov.in registrar.kdc@kerala.gov.in

## കേരള ഡെന്റൽ കൗൺസിൽ പുറപ്പെടുവിക്കുന്ന

## ഡെന്റൽ ക്യാമ്പിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

നിക്ഷിപ്ത താല്പര്യങ്ങൾക്കും സ്വകാര്യ ലാഭത്തിനുമായി സംസ്ഥാനത്തു ദന്ത ചികിത്സാ ക്യാമ്പുകൾ നടത്തപ്പെടുന്നു എന്ന വിവിധ പരാതികൾ ഉയർന്നു വന്ന സാഹചര്യത്തിൽ, 03/08/2023-ൽ കൂടിയ കൗൺസിൽ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ സംസ്ഥാനത്ത് നടത്തുന്ന ഡെന്റൽ ക്യാമ്പുകൾ പാലിച്ചിരിക്കണം എന്ന് കേരള ഡെന്റൽ കൗൺസിൽ നിഷ്കർഷിച്ചിരിക്കുന്നു:

1. ദന്ത ചികിത്സാ ക്യാമ്പുമായി ബന്ധപ്പെട്ട എന്തെങ്കിലും പരാതികൾ ഉയർന്നു വന്നാൽ പ്രസ്തുത പരാതികളുടെ പൂർണ ഉത്തരവാദിത്തം ക്യാമ്പ് സംഘടിപ്പിക്കുന്നവർക്കും ക്യാമ്പിൽ പങ്കെടുക്കുന്ന ദന്ത ഡോക്ടർമാർക്കും ആയിരിക്കും.

2. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ ദന്ത വിഭാഗങ്ങളോ സർക്കാർ - സ്വകാര്യ ഡെന്റൽ കോളേജുകളുടെ സാമൂഹ്യ ദന്താരോഗ്യ വിഭാഗങ്ങളോ അല്ലാത്തവർ ഡെന്റൽ ക്യാമ്പ് നടത്തുമ്പോൾ കേരള ഡെന്റൽ കൗൺസിലിന്റെ മുൻകൂർ അനുമതി നേടിയിരിക്കണം. പ്രസ്തുത ഡെന്റൽ ക്യാമ്പിന് അനുമതി തേടിയുള്ള നിശ്ചിത അപേക്ഷയ്ക്കായി www.dentalcouncil.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. മതിയായ രേഖകൾ സഹിതം അപേക്ഷ, 15 ദിവസങ്ങൾക്കു മുമ്പ് കൗൺസിലിൽ ലഭിച്ചിരിക്കണം.

3. മേൽപ്പറഞ്ഞവർ ക്യാമ്പ് നടത്തുമ്പോൾ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് സ്ഥാപനത്തിന്റെ മേലധികാരി ഉറപ്പു വരുത്തേണ്ടതാണ്.

4. പ്രസ്തുത ഡെന്റൽ ക്യാമ്പിൽ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെൻറ് സംവിധാനം ഒരുക്കിയിരിക്കണം.

ടി.സി 27/741(3), അമ്പലത്തുമുക്ക്, വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം, കേരള - 695 035
ഫോൺ : 0471-2478757, 2478758, 2478759

5. പ്രസ്തുത ഡെന്റൽ ക്യാമ്പ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കു വേണ്ടിയുള്ളതാണെങ്കിൽ അപേക്ഷയോടൊപ്പം സ്കൂൾ മേധാവിയുടെ അനുമതിപത്രം സമർപ്പിക്കേണ്ടതാണ്.

6. ഡെന്റൽ ക്യാമ്പുകളിൽ പരസ്യ സാമഗ്രികൾ പ്രദർശിപ്പിക്കാൻ പാടില്ല

7. ഡെന്റൽ ക്യാമ്പിലൂടെ ദന്താരോഗ്യ അവബോധനം കൂട്ടുന്നതിനായും പ്രാഥമിക ദന്ത പരിശോധനകൾ നടത്തുന്നതിനായുമുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുമെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

8. ആവശ്യമെന്നു തോന്നുന്ന പക്ഷം ക്യാമ്പിന് കേരള ഡെന്റൽ കൗൺസിൽ നിർദ്ദേശിക്കുന്ന ഒരു Observer-നെ നിയമിക്കാവുന്നതാണ്.

രജിസ്ട്രാർ

തിരുവനന്തപുരം

01/09/2023

KERALA DENTAL COUNCIL
Ambalathumukku, Vanchiyoor
Thiruvananthapuram
695 035
KERALA, INDIA

BHADRAN. S
Registrar
Kerala Dental Council
Ambalathumukku, Vanchiyoor
Thiruvananthapuram- 695 035